# NEDUMAVU, VAZHOOR
# ST. GEORGE CHURCH



**വാ**ഴ്‌വിന്റെ ദേശമാണ് വാഴൂർ. നാനാജാതി മതസ്ഥർ ഏകോദരസഹോദരങ്ങളെപ്പോലെ ഇവിടെ ജീവിക്കുന്നു. ഈ പ്രദേശത്തെ വി. ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള യാക്കോബായ സുറിയാനിപള്ളി സ്ഥാപിതമായിട്ട് 31 വർഷം തികയുകയാണ്. ശ്ലീഹന്മാരുടെ തലവനായ പ. പത്രോസ് സ്ഥാപിച്ച പ. അന്ത്യോഖ്യാ സിംഹാസനത്തോട് പൂർണ്ണമായ വിധേയത്വവും കൂറും പ്രഖ്യാപിക്കുന്ന ചെറിയ സമൂഹത്തിന്റെ വലിയ ആത്മാർത്ഥതയുടെയും കഠിനാദ്ധ്വാനത്തിന്റെയും പ്രതിഫലനമാണ് ഈ പുണ്യ ദൈവാലയം. കഴിഞ്ഞകാലങ്ങളിൽ ദൈവത്തിൽനിന്നനുഭവിച്ച സമൃദ്ധമായ നന്മകൾക്ക് നന്ദി അർപ്പിക്കുന്നു.

ഈ പ്രദേശത്ത് വന്ന് താമസമാക്കിയിരിക്കുന്ന സുറിയാനി ക്രിസ്ത്യാനികൾ വർഷങ്ങളോളം അവരുടെ സമീപദേവാലയങ്ങളിൽ തന്നെ ആത്മീയ കാര്യങ്ങൾ നടത്തിപോന്നു. 1972 കാലഘട്ടങ്ങളിൽ മെത്രാൻകക്ഷി നേതൃത്വത്തിൽ നിന്നുണ്ടായ വേദവിപരീത പ്രവർത്തനങ്ങൾ ശ്രീ. ഏബ്രഹാം വർഗീസ് കൊച്ചുപറമ്പിലിനും ശ്രീ. പി.റ്റി. ഏബ്രഹാം കടവുംഭാഗത്തിനും വേദന ജനിപ്പിച്ചു. മുമ്പോട്ട് സത്യവിശ്വാസം നിലനിർത്തുന്നതിനുവേണ്ടി എന്ത് ചെയ്യണമെന്ന് അവർ ആലോചിച്ചു. ശ്രീ. പി.റ്റി. ഏബ്രഹാം കടവുംഭാഗത്തിന്റെ നേതൃത്വത്തിൽ സമാനമനസ്കരായ സത്യവിശ്വാസികൾ സംഘടിക്കുകയും ശ്രീ. ഇ.റ്റി. സ്കറിയ ഇടമനയുടെ കൊടുങ്ങൂരുള്ള ഭവനത്തിൽ ഒത്തുചേർന്ന് ആലോചിക്കുകയും ചെയ്തു. പരി. പാത്രിയർക്കീസ് ബാവായോട് കൂറും ഭക്തിയും പുലർത്തുന്ന പട്ടമാപറമ്പിൽ ശ്രീ. പി.വി. തോമസ്, ശ്രീ. ഏബ്രഹാം വർഗീസ് കൊച്ചുപറമ്പിൽ, ശ്രീ. പീ.വി. വർഗീസ് പട്ടമാപറമ്പിൽ, വെങ്ങാലൂർ കിഴക്കേമഠത്തിൽ ശ്രീ. ഐപ്പ് തോമസ്, കുന്നുംപുറത്ത് ശ്രീ. കെ.റ്റി. ചാക്കോ, ഡോ. കെ.സി. തോമസ് പൊൻകുന്നം, ചിറത്തലയ്ക്കൽ ശ്രീ. മാത്തൻ കുര്യൻ, സെന്റ് പീറ്റേഴ്സ് ദൈവാലയത്തിൽ കൂടിവന്നിരുന്ന പച്ചനാക്കുഴിയിൽ ശ്രീ. കുര്യൻ ഏബ്രഹാം, കുറുപ്പുംകാപ്പുകാട്ടിൽ ശ്രീ. കുര്യാക്കോസ് ഇട്ടിച്ചെറിയ, തെക്കേപറമ്പിൽ ശ്രീ. കുരുവിള ചാക്കോ, ശ്രീ. കെ.എം. വർക്കി പുത്തൻപുരയ്ക്കൽ എന്നിവരും സഭാസ്നേഹികളായ കൊച്ചേട്ട് അയ്മനം തറയിൽ ശ്രീ. വർക്കി കുര്യാക്കോസ്, ശ്രീ. പി.വി. ജോസഫ് പെന്നന്താനം (അമ്പ്രയിൽ) എന്നിവരും പങ്കെടുത്തു. പുതുതായി സത്യവിശ്വാസികളുടേതായി ദൈവാലയം സ്ഥാപിക്കുന്നതിനും തങ്ങൾ ആരാധന നടത്തിപ്പോരുന്ന ദൈവാലയങ്ങളിൽ യാതൊരുവിധ അവകാശ അധികാരങ്ങൾക്കും ഇട

നൽകാതെ എല്ലാ സാമ്പത്തിക ബാദ്ധ്യതകളും തീർത്ത് സമാധാനപരമായി പിരിഞ്ഞ് പോരുക എന്ന ഈ തീരുമാനങ്ങൾ പ്രാവർത്തികമാക്കുമെന്ന് വിശ്വാസികൾ പ്രതിജ്ഞയെടുത്തു. കടവുംഭാഗം ശ്രീ. പി.റ്റി. ഏബ്രഹാം 25 സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങി ദേവാലയ നിർമ്മിതിക്ക് ദാനമായി നൽകി. പട്ടമാപറമ്പിൽ ശ്രീ. പി.വി. തോമസിന്റെ ഭവനമാണ് ദൈവാലയനിർമ്മാണ ആഫീസായി പ്രവർത്തിച്ചിരുന്നത്. ഇവിടെയുള്ള സഭാവിശ്വാസികളുടെ കൂട്ടായ പ്രവർത്തനത്തിന് യാക്കോബൈറ്റ് സിറിയൻ ക്രിസ്ത്യൻ കോൺഗ്രിഷൻ എന്ന് നാമകരണം ചെയ്തു.

1976 ഫെബ്രു. 22–ന് (പ. പത്രോസ് ശ്ലീഹാ അന്ത്യോഖ്യയിൽ സിംഹാസനം സ്ഥാപിച്ചതിന്റെ ഓർമ്മദിവസം) കൊല്ലം –നിരണം–തുമ്പമൺ ഭദ്രാസനങ്ങളുടെ അഭിവന്ദ്യ കുര്യാക്കോസ് മോർ കൂറിലോസ് തിരുമേനി ദൈവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. കക്ഷിവഴക്ക് മൂർച്ഛിച്ചിരുന്നതിനാൽ അഭി. തിരുമേനിക്ക് ഇവിടെ എത്തിച്ചേരുവാൻ പലവിധ പ്രതിബന്ധങ്ങളും നേരിടേണ്ടിവന്നു. തോട്ടാപ്പറമ്പിൽ ശ്രീ. ജോർജ്ജ് ഏബ്രഹാം, പാറേൽകുന്നുംപുറത്ത് ശ്രീ. പി.സി. തോമസ് എന്നിവർ ഇക്കാര്യത്തിൽ സഹിച്ച ത്യാഗങ്ങൾ പ്രത്യേകം സ്മരണീയമാണ്. ശിലാസ്ഥാപന ദിനമുണ്ടായ സംഭവവികാസങ്ങൾ ദൈവാലയ നിർമ്മാണത്തിന് കൂടുതൽ ഉത്തേജനം പകർന്നു. പുതിയ ദൈവാലയം വി. ഗീവർഗീസ് സഹദായുടെ നാമത്തിൽ ആയിരിക്കണമെന്ന് ഇടവകാംഗങ്ങൾ ഏകകണ്ഠമായി ശ്രേഷ്ഠ ബാവായോട് അപേക്ഷിച്ചു. പിതാവ് ആ അഭ്യർത്ഥന സദയം സ്വീകരിക്കുകയും ചെയ്തു. ദൈവാലയനിർമ്മിതിക്ക് സഭാംഗങ്ങളും ഇതര ക്രൈസ്തവ–ഹൈന്ദവ സഹോദരങ്ങളും ആത്മാർത്ഥമായി സഹകരിക്കുകയുണ്ടായി. പ്രത്യേകാൽ ശ്രീ. പി. റ്റി. ഏബ്രഹാം കടവുംഭാഗത്തിന്റെ കഠിനാദ്ധ്വാനവും ശ്രീ. ഏബ്രഹാം വർഗീസ് കൊച്ചുപറമ്പിൽ, ശ്രീ. പി. വി. തോമസ് പട്ടമാപറമ്പിൽ എന്നിവരുടെ പ്രയത്നങ്ങളും വളരെ വലുതാണ്.

പള്ളിയുടെ കൂദാശ 1976 ആഗസ്റ്റ് 29 ന് ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കാർമ്മികത്വത്തിലും കോട്ടയം ഇടവകയുടെ അഭിവന്ദ്യ തോമസ് മോർ ഒസ്താത്തിയോസ്, സിംഹാസനപള്ളികളുടെ അഭിവന്ദ്യ യാക്കോബ് മോർ യൂലിയോസ് എന്നീ പിതാക്കന്മാരുടെ സഹകരണത്തിലും നടത്തപ്പെട്ടു. ആഗസ്റ്റ് 30–ാം തീയതി അഭിവന്ദ്യ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ പ്രഥമ ദിവ്യബലി അർപ്പിക്കപ്പെട്ടു. ഫാ. നൈനാൻ ജേക്കബ് പറമ്പിൽ ആദ്യ വികാരിയായി നിയമിതനായി. ശ്രീ. കെ.റ്റി. ചാക്കോ കുന്നുംപുറം ട്രസ്റ്റിയായും ശ്രീ. ഏബ്രഹാം വർഗീസ് കൊച്ചുപറമ്പിൽ സെക്രട്ടറിയായും പ്രഥമ കമ്മിറ്റി രൂപം കൊണ്ടു. 1979 മാർച്ചിൽ സെമിത്തേരിക്കുള്ള അനുവാദം ലഭിക്കുകയും മൂന്ന് മാസത്തിനുള്ളിൽ അതിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

അന്ത്യോഖ്യയുടെയും കിഴക്കൊക്കെയുടെയും പരമമേലദ്ധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് 1982 –ൽ മലങ്കരസഭയിൽ ശ്ലൈഹിക സന്ദർശന വേളയിൽ ഈ പള്ളിയിൽ എഴുന്നള്ളുകയും ശ്രീ. ഐപ്പ് തോമസ് വെങ്ങാലൂർ കിഴക്കേമഠം കുരിശിൻതൊട്ടിക്കുവേണ്ടി പള്ളിക്കു സമീപം കെ.കെ. റോഡ് സൈഡിൽ ദാനം ചെയ്ത സ്ഥലത്ത് പരി. ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവായുടെ നാമത്തിലുള്ള കുരിശിൻതൊട്ടിയുടെ ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തു. കുരിശിൻതൊട്ടിയുടെ കൂദാശ 1987 ജനുവരി 25 ന് അഭിവന്ദ്യ ഗീവർഗീസ് മോർ ഗ്രിഗോറിയോസ് തിരുമേനി നിർവഹിച്ചു. പരി. ഏലിയാസ് തൃതീയൻ ബാവായുടെ തിരുശേഷിപ്പ് അഭിവന്ദ്യ പെരുമ്പള്ളി തിരുമേനി 1989 മേയ് 4–ാം തീയതി കുരിശിൻതൊട്ടിയിൽ സ്ഥാപിച്ചു.

പള്ളിയുടെ രജതജൂബിലി ആഘോഷം 2001 ഏപ്രിൽ 29, 30, മേയ് 1 തീയതികളിൽ നടത്തപ്പെട്ടു. മഞ്ഞനിക്കരയിൽ നിന്ന് ദീപശിഖാ ഘോഷയാത്ര, മലേക്കുരിശ് ദയറായിൽ നിന്ന് പതാക പ്രയാണം എന്നിവയും 30–ാം തീയതി മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പലീത്തയുടെ പ്രധാന കാർമ്മികത്വത്തിൽ വി. കുർബ്ബാനയും തുടർന്ന് പട്ടമാപറമ്പിൽ ശ്രീ. പി.വി. വർഗീസിന്റെ സ്മാരകമായി നിർമ്മിക്കപ്പെട്ട വരാന്തയുടെ ഉദ്ഘാടനവും നിർവ്വഹിക്കപ്പെട്ടു. ജൂബിലി സമ്മേളനം ഫീലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ തോമസ് മോർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷനായിരുന്നു. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത, മർക്കോസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത, രാഷ്ട്രീയ സാമൂഹിക നേതാക്കൾ ആശംസകളർപ്പിച്ചു. 2002 ഏപ്രിൽ 14 ന് ജൂബിലി സ്മരണികയുടെ പ്രകാശനം കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത തോമസ് മോർ തീമോത്തിയോസ് നിർവ്വഹിച്ചു.

Syrianchurch.org

2004 മാർച്ചിൽ ഈ ഇടവകാംഗമായ പുത്തൻപുരയ്ക്കൽ ജിബി മാത്യു ശെമ്മാശൻ ഈ ദൈവാലയത്തിൽ വച്ച് വൈദികപട്ടം സ്വീകരിക്കുകയും അടുത്ത ഞായറാഴ്ച പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. 2006 ജനുവരി 20 ന് നവീകരിച്ച മദ്ബഹായുടെ കൂദാശയും യൽദോ മോർ ബസേലിയോസ് ബാവായുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന കൽക്കുരിശിന്റെ കൂദാശയും ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ ഭദ്രാസന മെത്രാപ്പോലീത്ത മോർ തീമോത്തിയോസ് തിരുമേനിയുടെ സഹകാർമ്മികത്വത്തിലും നിർവ്വഹിക്കപ്പെട്ടു. 2007 ജൂൺ 9–ന് ഈ ഇടവകാംഗം ശ്രീ. ബിബി ഏബ്രഹാം കടവുംഭാഗത്തിന് പരി. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് കൽപ്പിച്ച് നൽകിയ ഷെവലിയാർ സ്ഥാനം ശ്രേഷ്ഠ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് നൽകുകയുണ്ടായി.

ഫാ. നൈനാൻ ജേക്കബ് പറമ്പിൽ, ഫാ. മാത്യൂസ് കാവുങ്കൽ, വന്ദ്യ കുര്യാക്കോസ് കോറെപ്പിസ്കോപ്പ മൂലയിൽ, ഫാ. ഗീവർഗീസ് ചട്ടത്തിൽ, വന്ദ്യ കെ.എൻ. ഏബ്രഹാം കോറെപ്പിസ്കോപ്പ കോതകേരിൽ, ഫാ. മാണി കല്ലാപ്പുറത്ത്, ഫാ. മാത്യൂസ് തുരുത്തേൽ, ഫാ. മാത്യൂസ് ആനത്താനത്ത്, ഫാ. ജേക്കബ് ചെറിയാൻ മണ്ണൂർ, ഫാ. സഖറിയ മൈലപ്പള്ളി, വെരി.റവ. അന്ത്രയോസ് റമ്പാൻ കൊല്ലംപറമ്പിൽ, ഫാ. തോമസ് ജെയിംസ് കണ്ടമുണ്ടാരിൽ, ഫാ. ആർ.വി. മർക്കോസ് രാമന്തറ (അഭിവന്ദ്യ മർക്കോസ് മോർ കൂറിലോസ്), ഫാ. അലക്സ് തോമസ് വെട്ടിക്കോട്ട്, ഫാ. വിജു ഏബ്രഹാം തടത്തിൽപ്പറമ്പിൽ, ഫാ. കുര്യൻ ജോയി കല്ലുങ്കത്ര, ഫാ. ജോസഫ് ജോൺ വെട്ടുകുഴിയിൽ, ഫാ. മാത്യു എം. ബാബു വടക്കേപ്പറമ്പിൽ, വെരി.റവ. കുര്യൻ കോറെപ്പിസ്കോപ്പ മാലിയിൽ എന്നിവർ ഈ ഇടവകയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ഫാ. എ. തോമസ് വേങ്കടത്ത് വികാരിയായും ഫാ. തോമസ് പതിയാക്കൽ സഹവികാരിയായും സ്തുത്യർഹമായി സേവനമനുഷ്ഠിക്കുന്നു. എല്ലാ വർഷവും ഏപ്രിൽ 30, മേയ് 1 ന് പരി. ഗീവർഗീസ് സഹദായുടെ ഓർമ്മ ഇടവകയുടെ വാർഷിക പെരുനാളായി ആചരിച്ചുവരുന്നു. കൂടാതെ ഒക്ടോബർ 2 ന് ശേഷം വരുന്ന ഞായറാഴ്ച പരി. യൽദോ മോർ ബസേലിയോസ് ബാവായുടെ ഓർമ്മപ്പെരുനാൾ കൊണ്ടാടുന്നു. പരി. ഏലിയാസ് തൃതീയൻ ബാവായുടെ ഓർമ്മ മഞ്ഞനിക്കര പെരുനാളിന് ശേഷം വരുന്ന ഞായറാഴ്ച നടത്തപ്പെടുന്നു. മർത്തമറിയം സമാജം സെക്രട്ടറിയായി ശ്രീമതി സൂസി ഏബ്രഹാം കൊച്ചുപറമ്പിൽ, സൺഡേസ്കൂൾ ഹെഡ്മിസ്ട്രസായി ബീന വർഗീസ് കൊച്ചുപറമ്പിൽ, പ്രാർത്ഥനാസമാജം സെക്രട്ടറിയായി ശ്രീ. പി.സി. മാത്യു പുളിക്കത്തറ എന്നിവർ പ്രവർത്തിക്കുന്നു. കോട്ടയം ഭദ്രാസന കൗൺസിൽ അംഗമായി ശ്രീ. എം.എ. വർഗീസ് കൊച്ചുപറമ്പിൽ സേവനം അനുഷ്ഠിക്കുന്നു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org